# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6899 — 13.07.2012 ൽ മറുപടിയ്ക്ക്

## ഇടമലയാർ ഇറിഗേഷൻ പ്രൊജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) ഇടമലയാർ ഇറിഗേഷൻ പ്രൊജക്ടിനായി വർഷങ്ങൾക്കുമുമ്പ് കല്ലിട്ടിട്ടുള്ളതും എന്നാൽ ഏറ്റെടുക്കൽ നടപടികൾ യാതൊന്നും തന്നെ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രദേശങ്ങൾ എതെല്ലാമെന്ന് വിശദമാക്കാമോ; | എ) ചെറിയ വാപ്പാലശ്ശേരി, മേയ്ക്കാട്, ചെങ്ങമനാട്, കുന്നുകര, മാഞ്ഞാലി എന്നീ സ്ഥലങ്ങൾ ലോലെവൽ കനാലിന് വേണ്ടിയും, ഇറവൂർ മഞ്ഞപ്ര, പാറക്കടവ്, കണക്കൻകടവ്, നെടുമ്പാശ്ശേരി, അയ്യമ്പുഴ എന്നീ സ്ഥലങ്ങളിൽ ബ്രാഞ്ച് കനാലിനു വേണ്ടിയും കല്ലിട്ടിട്ടുണ്ട്. |
| ബി) ഇപ്രകാരം കല്ലിട്ടിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ; | ബി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോലെവൽ കനാലിന് സ്ഥലം ലഭിക്കാത്ത ചെ. 15000 മീ. മുതൽ 27250 മീ. വരെയുള്ള ഭാഗവും നെടുമ്പാശ്ശേരി ബ്രാഞ്ചുകനാലും ഉപേക്ഷിക്കാൻ തീരുമാനിച്ചതിനാൽ പ്രസ്തുത ഭാഗത്ത് സ്ഥലം ഏറ്റെടുത്തിട്ടില്ല. ഈ സ്ഥലം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് പുനഃപരിശോധന നടത്തേണ്ടതായുണ്ട്. |
| സി) അങ്കമാലി കരയിൽ ചെറിയവാപ്പാലശ്ശേരിയിൽ താമസിക്കുന്ന നെടുമ്പാശ്ശേരി, മേക്കാട് കരയിൽ അരീയ്ക്കൽ വീട്ടിൽ മാത്തിരി മകൾ ഏലമ്മ ടിയാളുടെ സ്ഥലം ഇടമലയാർ കനാലിനുവേണ്ടി കല്ലിട്ടിരിക്കുന്നതിനാൽ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കി കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ? | സി) അങ്കമാലി കരയിൽ ചെറിയ വാപ്പാലശ്ശേരിയിൽ താമസിക്കുന്ന നെടുമ്പാശ്ശേരി, മേക്കാട് കരയിൽ അരീയ്ക്കൽ വീട്ടിൽ മാത്തിരി മകൾ ഏലമ്മ ടിയാളുടെ സ്ഥലം ഇടമലയാർ കനാലിനുവേണ്ടി കല്ലിട്ടിരിക്കുന്നതിനാൽ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കി കിട്ടുന്നതിനായി 17.04.2012-ൽ ശ്രീമതി. ഏലമ്മ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൻ മേൽ വ്യക്തമായ റിപ്പോർട്ട് നൽകുന്നതിനായി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ